# മുല്ലപ്പെരിയാർ- പുതിയ അണക്കെട്ടല്ല, മല പണിയുക

മുല്ലപ്പെരിയാറിൽ പുതിയൊരു അണക്കെട്ട് ശാശ്വത പരിഹാരമല്ല. അതിന് എത്ര വർഷത്തെ എഗ്രിമെന്റ് വച്ചാലും. പുതിയ അണക്കെട്ടും വയസ്സായി കാലഹരണപ്പെടും. ഇന്ന് ലഭ്യമായിട്ടുള്ള സാങ്കേതിക അറിവുകളും ഉപകരണങ്ങളും അസംസ്കൃത വസ്തുക്കളും പ്രയോജനപ്പെടുത്തി നിർമ്മിച്ചാലും ആയുസ്സ് അമ്പത്-അറുപത്. അല്ലെങ്കിൽ ചത്തു ജീവിച്ചു നൂറുവർഷം തികച്ചാലും ഇന്നത്തെ പ്രശ്നങ്ങൾ അന്നും ഉണ്ടാകും, ഇന്നത്തേതിനേക്കാൾ ബീഭത്സമായിട്ട്. കാരണം, അന്ന് ജനങ്ങൾ അധികരിക്കുകയും ഭൌതീക സ്വത്തുക്കൾ വർദ്ധിക്കുകയും ചെയ്യുമെന്നതുകൊണ്ട്.

അതിനാൽ അണക്കെട്ട് പണിയുന്നതിനു പകരമായി ഒരു മല പണിയുക. നിലവിലുള്ള ഡാമിനെ എല്ലാവിധ ശക്തികളോടും കൂടി താങ്ങാനാവും വിധത്തിൽ.

വെറുമൊരു മലയല്ല, ഈടുറ്റ മരങ്ങൾ വച്ചു പിടിപ്പിച്ച്, കാട്ടുവള്ളികളും പുല്ലുകളും വളർത്തി ഇട തൂർന്നൊരു വനം വളർത്തിയെടുക്കുക. അതിനെ, മനുഷ്യനൊഴിച്ചുള്ള എല്ലാ ജീവ ജാലങ്ങളുടേയും വാസ സ്ഥലമാക്കുക.

പുതിയ മല മുല്ലപ്പെരിയാറിനെ എന്നന്നേക്കുമായി വഴി മാറ്റിയൊഴുക്കും, അയൽക്കാരനുമായുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകും. മുല്ലപ്പെരിയാറിനെ മാത്രമല്ല, ഊർദ്ധ്വം വലിക്കുന്ന എല്ലാ അണക്കെട്ടുകളെയും ഇങ്ങിനെ ബലപ്പെടുത്താവുന്നതാണ്, ബലപ്പെടുത്തേണ്ടതാണ്.